**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 5773 — 02.07.2014 ൽ മറുപടിയ്ക്ക്

## ഉദ്യോഗസംവരണത്തിലും വിദ്യാർത്ഥി പ്രവേശന സംവരണത്തിനും മേൽത്തട്ട് വ്യവസ്ഥ നടപ്പിലാക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ജമീലാ പ്രകാശം**<br>**ശ്രീ. ജോസ് തെറ്റയിൽ**<br>**ശ്രീ. മാത്യു. റ്റി. തോമസ്**<br>**ശ്രീ. സി. കെ നാണു** | | **ശ്രീ. എ.പി. അനിൽകുമാർ**<br>**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | 08.09.1993-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡമനുസരിച്ച് സംസ്ഥാന സർക്കാരിന്റെ വകുപ്പുകളിലെ ഉദ്യോഗ സംവരണത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥി പ്രവേശന സംവരണത്തിലും മേൽത്തട്ട് വ്യവസ്ഥ നടപ്പിലാക്കി കഴിഞ്ഞോ എന്ന് വ്യക്തമാക്കുമോ ; | (എ) | 08.09.1993-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കൂടി പരിഗണിച്ച് സംസ്ഥാന സർക്കാർ നിയമിച്ച കമ്മീഷനുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗ സംവരണത്തിന് മേൽത്തട്ട് വ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥി പ്രവേശന സംവരണത്തിലും പ്രസ്തുത ക്രീമിലെയർ വ്യവസ്ഥ നടപ്പിലാക്കിയിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ; | (ബി) | കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥകളും SEBC ലിസ്റ്റും പ്രകാരമാണ് കേരളത്തിൽ വിദ്യാഭ്യാസ സംവരണം അനുവദിക്കുന്നത്. SEBC സംവരണത്തിനുള്ള വരുമാന പരിധി, ക്രീമിലെയർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലല്ല കണക്കാക്കുന്നത്. |
| (സി) | മേൽത്തട്ട് വ്യവസ്ഥ നടപ്പിലാക്കുമ്പോൾ വരുമാന പരിധിയിൽ കർഷകരുടെ കാർഷിക വരുമാനവും സർവ്വീസ് കാറ്റഗറിയിലുള്ളവരുടെ തൊഴിൽ വരുമാനവും ഉൾപ്പെടുത്താൻ പാടില്ലെന്ന 08.09.1993-ലെ കേന്ദ്ര സർക്കാർ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | മെമ്മോറാണ്ടത്തിലെ വ്യവസ്ഥ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന്റെ കാര്യത്തിൽ നടപ്പിലാക്കിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | | |
| (ഡി) | എങ്കിൽ അതിനു പരിഹാരം കാണാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും | പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള സംവരണം ക്രീമിലെയർ മാനദണ്ഡ പ്രകാരമാക്കണമെന്ന ആവശ്യ ത്തിൻമേൽ ബഹു. ഹൈക്കോടതി 07.08.2013-ൽ പുറപ്പെടുവിച്ച വിധിന്യായത്തെ തുടർന്ന് ബഹു. സുപ്രീംകോടതിയുടെ അശോക് കുമാർ താക്കൂർ കേസിലെ വിധിന്യായ ത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാന ത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാ വസ്ഥയും കുടുംബവരുമാനവും പരിഗണിച്ച്, പിന്നോക്കവിഭാഗ ങ്ങളിലെ ക്രീമിലെയർ വിഭാഗത്തെ കണ്ടെത്തുന്നതിന് സ്വതന്ത്ര പഠനം നടത്തുന്നതിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ ഒരു കോൺഫറൻസ് വിളിച്ച് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ